**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.**4416**

25.06.2019 – ൽ മറുപടിയ്ക്ക്.

## രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.പി. ഉണ്ണി** | **ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ബിനാമി പേരിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) ബിനാമി പേരിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പാൻ കാർഡ്/ ഫോം 60 എന്നിവ 10 ലക്ഷം രൂപയിൽ കൂടുതലുള്ള ആധാരങ്ങളിൽ നിർബന്ധമാക്കുകയും പാൻകാർഡ് ഇല്ലാത്തവരുടെ ഫോം 60 ആദായനികുതി വകുപ്പിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുകയും ചെയ്യുന്നുണ്ട്.<br><br>ആധാരത്തിൽ വസ്തു വാങ്ങുന്നതും വിൽക്കുന്നതുമായ ആളുകളുടേയും മുക്ത്യാറുകളിൽ പ്രധാനിയുടെയും ഏജന്റിന്റെയും ഫോട്ടോയും വിരൽപ്പതിപ്പും നിർബന്ധമാക്കി.<br><br>വസ്തുവാങ്ങി 3 മാസത്തിനുള്ളിൽ നടക്കുന്ന വിലയാധാരത്തിന് ഇരട്ടി മുദ്രവിലയും 6 മാസത്തിനുള്ളിൽ ചെയ്യുന്നവയ്ക്ക് ഒന്നരയിരട്ടി മുദ്രവിലയും ഏർപ്പെടുത്തി.<br><br>ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയതോടുകൂടി ബിനാമി പേരിൽ വസ്തുവാങ്ങി പോക്കുവരവ് ചെയ്യാതെ കൈവശം വയ്ക്കാൻ കഴിയാതെയായി. രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ ഓൺലൈനായി വില്ലേജ് ഓഫീസിൽ അയയ്ക്കുന്നതിനാൽ വസ്തുവാങ്ങുന്ന ആളിന്റെ പേരിൽ തന്നെ പട്ടയം ആകുകയും പൂർണ്ണ ഉടമസ്ഥനായി മാറുകയും ചെയ്യുന്നു. |

| | |
|---|---|
| (ബി) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാലികവും കാര്യക്ഷമവുമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) ആധാര രജിസ്ട്രേഷനായി ഓഫീസിൽ ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി അറിയുന്നതിന് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.<br><br>പൊതുജനങ്ങൾക്ക് തന്നെ സ്വയം ആധാരം തയ്യാറാക്കി രജിസ്ട്രേഷനായി ഹാജരാക്കുന്നതിലേക്കും, ആധാരത്തിന്റെ അടിസ്ഥാന വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ആധാര രജിസ്ട്രേഷൻ നടപടികൾ കൂടുതൽ സുതാര്യമാക്കുകയും വിവിധ തരത്തിലുള്ള ആധാരങ്ങളുടെ മാതൃകകൾ വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>ഇ-പേയ്മെന്റ് സംവിധാനം മുഖാന്തിരം രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയുണ്ടായി.<br><br>ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്ക് ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഡിജിറ്റൽ ഒപ്പോടുകൂടി അപേക്ഷകർക്ക് തന്നെ ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തുകയുണ്ടായി.<br><br>ഒരു ലക്ഷം രൂപയ്ക്കു മുകളിൽ മുദ്രവില വരുന്ന ഇടപാടുകൾക്ക് ഇ- സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തി.<br><br>സഹകരണ ബാങ്കുകൾ മുഖാന്തിരമുള്ള പണയാധാരങ്ങളായ ഗഹാനുകൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു.<br><br>ആധാര രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായുള്ള ഫോട്ടോയും വിരൽപ്പതിപ്പും ഡിജിറ്റൽ ക്യാമറയുടെയും ബയോമെട്രിക് ഉപകരണത്തിന്റെയും സഹായത്തോടെ നേരിട്ട് |

ആധാരത്തിൽ പതിയുന്ന രീതിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ആധാര രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ആധാരത്തോടൊപ്പം ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റുകളുടെ വലിപ്പം A3 സൈസിൽ നിന്നും A4 സൈസിലേക്ക് മാറ്റുകയുണ്ടായി.

രജിസ്ട്രേഷൻ വകുപ്പിലെ ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ ആരംഭിച്ചു.

**സെക്ഷൻ ഓഫീസർ**